Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Alikoya** Technical Support **Fahis Ali**
Cover **Alifsha**
**e-mail: malarvadimag@gmail.com**
Circulation Phone 0495 2732555
Manager Tele 0495 2730073
e-mail managerprabodhanamclt@gmail.com

# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

2017 ആഗസ്റ്റ് 1-15 പുസ്തകം 37 ലക്കം 10






## കൂട്ടുകാരോട്

**പ്രൊഫ. സിദ്ദീഖ് ഹസൻ**

**മലർവാടി ഈ ലക്കം മുതൽ ദ്വൈവാരികയായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയിരിക്കുകയാണ്.** കൂട്ടുകാർക്കെല്ലാം ഏറെ സന്തോഷം ഉളവാക്കുന്ന ഒരു കാര്യമാണിത്. മാസത്തിൽ ഒരിക്കൽ മാത്രം കൈകളിൽ എത്തിയിരുന്ന മലർവാടി മേലിൽ മാസത്തിൽ രണ്ടുതവണ ലഭിച്ചു തുടങ്ങും. ഇനിമുതൽ കഥകളും, കവിതകളും, കാർട്ടൂൺ ചിത്രങ്ങളും കൂടുതൽ വായിക്കാനും ആസ്വദിക്കാനും മാത്രമല്ല, ആവിഷ്കരിക്കാനും കൂട്ടുകാർക്ക് കൂടുതൽ അവസരമുണ്ട്.

കൂട്ടുകാർക്കറിയാമല്ലോ, മലർവാടിക്ക് ഒരു നിയോഗ ദൗത്യം ഉണ്ട്. സത്യം, ധർമ്മം, നീതി, കാരുണ്യം തുടങ്ങിയ മാനുഷിക മൂല്യങ്ങൾ കൂട്ടുകാർക്ക് എത്തിച്ചുതരിക എന്നതാണത്. ഇക്കാലമത്രയും മലർവാടി അത് ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട്. മേലിലും അത് പൂർവ്വോപരി ഭംഗിയായി നിർവ്വഹിക്കും, കൂട്ടുകാർ സന്തോഷത്തോടെ അതേറ്റെടുക്കുമല്ലോ...

**മലർവാടി ബാലമാസികയുടെ സ്ഥാപകൻ**
**ജമാഅത്തെ ഇസ്‌ലാമി മുൻ ദേശീയ ഉപാധ്യക്ഷൻ.**
**വിഷൻ 2016 ന്റെ മുഖ്യശിൽപി.**